// കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org

**പ്രിയ എഡിറ്റർ,** താഴെച്ചേർത്തിരിക്കുന്ന വാർത്ത താങ്കളുടെ മാധ്യമത്തിൽ/പത്രത്തിൽ സംസ്ഥാനതല പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പത്രക്കുറിപ്പ്
13.09.2017

## സാഹിത്യ അക്കാദമിയുടെ കടലെഴുത്തുകൾ പഠനസമ്മേളനത്തിന് നീലേശ്വരം അഴിത്തല കടപ്പുറത്ത് തുടക്കം

ദീർഘമായൊരു കടലോരമുള്ള നാടാണ് കേരളം. കടൽ പല മാനങ്ങളുള്ള ദൃശ്യം മാത്രമല്ല. ദേശചരിത്രരൂപീകരണത്തിൽ നിരവധി നൂറ്റാണ്ടുകളായി കടൽ ചെലുത്തിവരുന്ന സ്വാധീനം വളരെ വലുതാണ്. മീൻ പിടുത്തവുമായി ബന്ധപ്പെട്ട അനുഭവങ്ങളും ആഖ്യാനങ്ങളും ജനകീയ സംസ്കൃതിയുടെ ഭാഗമാണ്. നോവലിലും കഥയിലും കവിതയിലും നാടകത്തിലും സിനിമയിലുമെല്ലാം നിറഞ്ഞുനിൽക്കുന്ന കടലിന്റെയും കടലോരജീവിതത്തിന്റെയും പ്രകൃതവും പ്രാധാന്യവും അറിയാനും വിലയിരുത്താനുമായി തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്തും തൃശൂർ ജില്ലയിൽ ചാവക്കാട്ടും കാസർഗോഡ് ജില്ലയിൽ നീലേശ്വരത്തും കേരള സാഹിത്യ അക്കാദമി മൂന്ന് പഠനസമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു.

സെപ്റ്റംബർ 15, 16, 17 തീയതികളിൽ നീലേശ്വരം അഴിത്തല കടപ്പുറത്തുവെച്ച് പ്രഥമസമ്മേളനം നടക്കും. തീരദേശജീവിതവും നാട്ടുവഴക്കങ്ങളും പ്രധാന സാംസ്കാരികസമ്പത്താണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് സാഹിത്യത്തിലും മറ്റ് സാംസ്കാരികവിനിമയങ്ങളിലും അവ ചെലുത്തുന്ന സ്വാധീനം ഈ പരിപാടിയിൽ വിശകലനം ചെയ്യും. മീൻ പിടുത്തക്കാർ, പരിസ്ഥിതി പ്രവർത്തകർ, കപ്പലോട്ടക്കാർ, മീൻ വില്പനക്കാർ, ഗവേഷകർ, സാഹിത്യകാരന്മാർ തുടങ്ങി വിവിധ മേഖലയിൽപ്പെട്ടവർ പങ്കെടുക്കും. പ്രാദേശികജീവിതത്തിന്റെ സർഗാത്മകസംഭാവനയായി ഇനിയും വിലയിരുത്തപ്പെട്ടിട്ടില്ലാത്ത മീൻ പേരുകളെ ആസ്പദമാക്കിയുള്ള മീൻപെരുമ പ്രദർശനം സെപ്റ്റംബർ 15 വെള്ളിയാഴ്ച വൈകീട്ട് 4.30-ന് എം.രാജഗോപാലൻ എം.എൽ.എ യും എ.പി.വിജയൻ കണ്ണൻ കാരണവരും ചേർന്ന് ഉദ്ഘാടനം ചെയ്യും. പ്രമുഖ കഥാകൃത്ത് ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് ഉമേശൻ തൈക്കടപ്പുറത്തിന്റെ നേതൃത്വത്തിൽ 'പാട്ടുകടൽ' എന്ന പേരിൽ ഗാനസദസ്സും നീലേശ്വരം പട്ടേന ജനശക്തിയുടെ 'മരക്കാപ്പിലെ തെയ്യങ്ങൾ' നാടകവും അരങ്ങേറും.

16-ന് ശനിയാഴ്ച രാവിലെ 9 മണിക്ക് പ്രതിനിധികളുടെ രജിസ്ട്രേഷൻ. അഴിത്തലയിലെ മീൻപിടുത്തക്കാരുടെ സംഘത്തിന്റെ കടൽപാട്ടോടെ ഉദ്ഘാടനസമ്മേളനം തുടങ്ങും. സാഹിത്യ അക്കാദമി പ്രസിഡണ്ട് വൈശാഖൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എം.എ.ബേബി ഉദ്ഘാടനം നിർവ്വഹിക്കും. കെ.ഇ.എൻ., ഡോ.കെ.പി.മോഹനൻ, ഇ.പി.രാജഗോപാലൻ എന്നിവർ പ്രഭാഷണം നടത്തും. സമ്മേളനപുസ്തകത്തിന്റെ പ്രകാശനം സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി അഡ്വ.പി.അപ്പുക്കുട്ടൻ നിർവ്വഹിക്കും. പ്രൊഫ.കെ.പി.ജയരാജൻ, എ.ജി.സി.ബഷീർ, വി.വി.രമേശൻ, പി.പി.മുഹമ്മദ് റാഫി, കെ.പ്രകാശൻ, രവീന്ദ്രൻ കൊടക്കാട്, കെ.പ്രവീൺകുമാർ എന്നിവർ പങ്കെടുക്കും.

11.30-ന് നടക്കുന്ന സെമിനാറിൽ എൻ.പ്രഭാകരൻ (കടലും സംസ്കാരവും) ഇ.കുഞ്ഞികൃഷ്ണൻ (കടലിന്റെ ജീവശാസ്ത്രം) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. പി.വി.കെ.പനയാൽ മോഡറേറ്ററാകും.

2 മണിക്ക് നടക്കുന്ന നാട്ടുകടൽ എന്ന സെഷനിൽ മീൻപിടുത്തക്കാർ, വില്പനക്കാർ, കപ്പലോട്ടക്കാർ തുടങ്ങിയവരുടെ അനുഭവവിവരണങ്ങൾ ഉണ്ടാകും. മോഹനൻ ടി.പി., വി.കെ.സുധാകരൻ, കെ.മോഹനൻ, എൻ.പി.റസാക്, ടി.വി.സരോജിനി, കമലാക്ഷൻ ടി.വി., കെ.നാരായണൻ, പി.സാമിക്കുട്ടി, പി.മാധവി, എ.ജി.നാരായണൻ, ടി.വി.മാധവി, എ.കെ.പ്രേമ എന്നിവർ അനുഭവങ്ങൾ പങ്കുവെയ്ക്കും. പി.ദിലീപ്കുമാർ, ഡോ.സി.ബാലൻ, പി.വി.സുധീർകുമാർ എന്നിവർ നേതൃത്വം നൽകും. വൈകീട്ട് 5.30–ന് മീൻരുചി എന്ന സെഷനിൽ വീട്ടമ്മമാർ പാചകാനുഭവങ്ങൾ അവതരിപ്പിക്കും. ഗിരിജ ടി.വി., ജോയമ്മ സെബാസ്റ്റ്യൻ, എ.കെ.നിഷ, വനജ കെ.എം., കെ.പി.പ്രേമ, മഞ്ജു എബ്രഹാം, വത്സല കെ.കെ., ശാന്ത കെ.പി. എന്നിവർ പങ്കെടുക്കും. ബാരഭാസ്കരൻ, ഡോ.പൂമണി പുതിയറക്കൽ, പി.കൃഷ്ണൻ എന്നിവർ നയിക്കും. രാത്രി 7 മണിക്ക് 'കിഴവനും കടലും' 'ദ റെഡ് ടർട്ടിൽ' എന്നീ സിനിമകൾ മലയാളം സബ്ടൈറ്റിലോടെ പ്രദർശിപ്പിക്കും. പി.പ്രേമചന്ദ്രൻ ആമുഖ പ്രഭാഷണം നടത്തും. 8.30–ന് എറണാകുളം ഗോതുരുത്ത് സബീന റാഫി ഫോക്‌ലോർ സെന്റർ കാറൽസ്മാൻ ചരിതംചവിട്ടുനാടകം അവതരിപ്പിക്കും.

17–ന് ഞായറാഴ്ച രാവിലെ 8.30–ന് തിരുവനന്തപുരം പുതിയതുറ സംഘത്തിന്റെ കടൽപ്പാട്ടുകളോടെ പരിപാടികൾ തുടങ്ങും. 9.30–ന് കടൽ പ്രമേയമായ കവിതകൾ ആലങ്കോട് ലീലാകൃഷ്ണൻ, സി.എം. വിനയചന്ദ്രൻ, ദിവാകരൻ വിഷ്ണുമംഗലം, മാധവൻ പുറച്ചേരി, സി.പി.ശുഭ എന്നിവർ അവതരിപ്പിക്കും. സജയ് കെ.വി. ആമുഖപ്രഭാഷണം നടത്തും. 10.30–ന് നടക്കുന്ന സാഹിത്യത്തിലെ കടൽ പാരമ്പര്യത്തെക്കുറിച്ചുള്ള സെമിനാറിൽ ഡോ.സോമൻ കടലൂർ (കടലും പുരാവൃത്തങ്ങളും), ഡോ.പി.കെ.രാജശേഖരൻ (കടലും നോവലും), അശോകൻ ചരുവിൽ (കഥയും കടലും), ഡോ.കെ.ശ്രീകുമാർ (നാടകത്തിലെ കടൽ), വി.മുസഫർ അഹമ്മദ് (യാത്രാവിവരണങ്ങളിലെ കടൽ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ഡോ.വി.പി.പി.മുസ്തഫ മോഡറേറ്റർ ആകും.

2 മണിക്ക് നടക്കുന്ന 'എന്റെ കടൽ'എന്ന സെമിനാറിൽ കെ.പി.രാമനുണ്ണി, അംബികാസുതൻ മാങ്ങാട്, കെ.എ.സെബാസ്റ്റ്യൻ എന്നിവർ അനുഭവങ്ങൾ പങ്കുവെയ്ക്കും. ടി.പി.പത്മനാഭൻ, കെ.രാധാകൃഷ്ണൻ, ടി.ജി.ഗംഗാധരൻ എന്നിവർ പങ്കെടുക്കും.

വൈകീട്ട് 4-ന് നടക്കുന്ന സമാപനസമ്മേളനം സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട് ഡോ.ഖദീജ മുംതാസ് ഉദ്ഘാടനം ചെയ്യും. വാസു ചോറോട്, രാജ്മോഹൻ നീലേശ്വരം, അഡ്വ.യു.എസ്.ബാലൻ, ഡോ.എൻ.പി.വിജയൻ എന്നിവർ പ്രസംഗിക്കും.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി